## സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

**പത്തനംതിട്ട ജില്ല**

**ഉപജില്ലാ അദാലത്ത് സമിതി - 3**

21/03/2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ലാ അദാലത്ത് സമിതി -3 ന്റെ യോഗ മിനിറ്റ്സ്

പങ്കെടുത്തവർ

1. രാഗിമോൾ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ,പത്തനംതിട്ട
2. വിനോദ് എസ് , അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD പറക്കോട് ബ്ലോക്ക് പഞ്ചായത്ത്
3. സുനിൽകുമാർ അസി.ടൗൺ പ്ലാനർ ,ടൗൺപ്ലാനിംഗ് ഓഫീസ് ,പത്തനംതിട്ട

പരിഗണിച്ച വിഷയം - കെട്ടിടം നിർമ്മാണ പെർമിറ്റ് നൽകുന്നതു സംബന്ധിച്ച്

അദാലത്ത് തീർപ്പ്

ശ്രീമതി നയന എസ് ആറിന്റെ മാതാവിന്റെ പേരിലുള്ള സ്ഥലത്ത് പെർമിറ്റ് എടുക്കുകയും ട്രാൻസിറ്റ് പാസ് വാങ്ങി മണ്ണ് നീക്കം ചെയ്യുകയും ചെയ്തിരുന്നു. 14.08.2023 ലാണ് പെർമിറ്റ് വാങ്ങിയത്. മണ്ണെടുത്ത് മാറ്റിയതിനുശേഷം 11.10.2023 ൽ വസ്തുവിൽ നിന്നും 2.02 ആർ സ്ഥലം മകളായ ശ്രീമതി നയനയ്ക്ക് പ്രമാണം ചെയ്ത് നൽകി. ടി വസ്തുവിൽ വീട് നിർമ്മാണത്തിനാണ് പെർമിറ്റിന് അപേക്ഷിച്ചിരിക്കുന്നത്. മണ്ണ് എടുത്തുമാറ്റിയ ഭാഗത്ത് വികസന പെർമിറ്റ് പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലായെന്നും ടി പ്ലോട്ടിന്റെ അതിർത്തി വ്യക്തമാക്കിയിട്ടില്ലായെന്നും കുളനട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപേക്ഷക അദാലത്തിൽ ഹാജരായില്ല. ശ്രീമതി നയനയെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ടിയാളുടെ മാതാവായ ശ്രീമതി ഷീലയാണ് സംസാരിച്ചത്. മണ്ണെടുക്കുന്നതിന് ടിയാൾ അപേക്ഷ നൽകി പാസ് വാങ്ങിയിരുന്നതായും തുടർന്ന് ടി ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിച്ചിട്ടില്ലായെന്നും ടിയാൾ അറിയിച്ചു. അതിർത്തി നിശ്ചയിക്കുന്നതിനും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും അപേക്ഷകയ്ക്ക് നിർദ്ദേശം നൽകി പരാതി തീർപ്പാക്കി .

Ragi

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി - 3
ഇന്റേണൽവിജിലൻസ്ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്,പത്തനംതിട്ട

കോപ്പി

1. സെക്രട്ടറി കുളനട ഗ്രാമ പഞ്ചായത്ത്
2. ശ്രീമതി നയന എസ് ആർ